"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് & എൻജിനീയറിംഗ് വിംഗ് - "ഓപ്പറേഷൻ കിച്ചടി" - പത്തനംതിട്ട ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓഫീസിൽ നടന്ന മിന്നൽ പരിശോധന - ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി- തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുഎ) വകുപ്പ്**

സ.ഉ.(സാധാ) നം.618/2025/LSGD    തീയതി,തിരുവനന്തപുരം, 05-03-2025

---

പരാമർശം:-
1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 22.04.16-ലെ ഇ3(എസ്.സി.44/15/പി.ടി.എ.) 11426/ 2016 നമ്പർ കത്ത്.
2. വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 10.05.2016-ലെ 4928/ഡി1/2016/വിജി. നമ്പർ കത്ത്.
3. 05.09.2019-ലെ 114/ഇഡബ്ല്യു1/2016/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണപത്രികയും.
4. ശ്രീമതി ലീന കെ.എസ്. സമർപ്പിച്ച 26.12.2019 തീയതിയായുള്ള എതിർവാദപത്രിക.
5. ശ്രീ.ബിനു കെ.ജി. സമർപ്പിച്ച 30.12.2019 തീയതിയായുള്ള എതിർവാദപത്രിക.
6. തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 2.9.21-ലെ ഇ10-10643/2017/സിഇ/തസ്വഭവ. നമ്പർ കത്ത്.
7. 06.11.2021-ലെ സ.ഉ.(സാധാ)നം.2204/2021/ത.സ്വ.ഭ.വ
8. ഔപചാരിക അന്വേഷണ റിപ്പോർട്ട്.
9. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.10.24-ലെ LSGD/PD/14631/2023-VIGB നമ്പർ കത്ത്.

**ഉത്തരവ്**

"ഓപ്പറേഷൻ കിച്ചടി"യുടെ ഭാഗമായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പത്തനംതിട്ട ജില്ലാ ടൗൺ & കൺട്രി പ്ലാനിംഗ് ഓഫീസിൽ മിന്നൽ പരിശോധന നടത്തയിരുന്നു. പ്രസ്തുത പരിശോധനയിൽ C 907/2015 നമ്പർ ഫയലിൽ BA.392/15-16 ആയി ബിൽഡിംഗ് പെർമിറ്റ് നൽകിയതിൽ, പെർമിറ്റിനുള്ള അപേക്ഷയോടൊപ്പം നൽകിയ 30 സെന്റ് സ്ഥലത്തിന്റെ ആധാരത്തിലും വിലേജ് റിക്കോർഡുകളിലും സ്ഥല പരിശോധന നടത്തിയതിലും നിലമാണെന്ന്

ബോദ്ധ്യപ്പെട്ട സ്ഥലത്തിന് ഡ്രൈ ലാൻഡ് എന്ന് രേഖപ്പെടുത്തി കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകിയ പത്തനംതിട്ട വില്ലേജ് ഓഫീസർ, സ്ഥല പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി നൽകിയ മുനിസിപ്പൽ ഓവർസീയർ, ടി റിപ്പോർട്ടിന്മേൽ അനുമതി നൽകിയ അസി. എൻജിനീയർ എന്നിവർ തങ്ങളുടെ ഔദ്യോഗിക ജോലിയിൽ കൃത്യവിലോപം വരുത്തിയതായി കണ്ടെത്തിയിരുന്നു.

2. മേൽ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് പത്തനംതിട്ട മുനിസിപ്പാലിറ്റിയിൽ അസിസ്റ്റന്റ്എഞ്ചിനീയറായ ശ്രീ.ബിനു കെ.ജി., ഓവർസിയർ ശ്രീമതി ലീന കെ.എസ്. എന്നിവർക്കെതിരെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്കനടപടി സ്വീകരിച്ച് പരാമർശം 3 പ്രകാരം കുറ്റപത്രം നൽകിയിരുന്നു.

3. കുറ്റാരോപിതരായ ശ്രീ. ബിനു കെ.ജി., ശ്രീമതി ലീന കെ.എസ്. എന്നിവർ സമർപ്പിച്ച എതിർവവാദ പത്രികയിൽ തങ്ങൾക്കെതിരായ ആരോപണങ്ങളെല്ലാം നിഷേധിച്ചിരുന്നു. പത്തനംതിട്ട നഗരസഭ 15-ാം വാർഡിൽ പത്തനംതിട്ട വില്ലേജിൽ സർവ്വെ നമ്പർ 54/1-3-1, 54/2-2, 54/1-2 എന്നീ നമ്പരുകളിൽപ്പെട്ട വസ്തുവിൽ 48$m^2$ വിസ്തീർണ്ണമുള്ള **Small Scale Industry Building (Furniture and carpentry workshop)** നിർമ്മിക്കുന്നതിന് ശ്രീ. കെ.എം.ചാക്കോ, ശ്രീമതി മോളി ചാക്കോ എന്നിവർ 26.10.2015-ൽ അപേക്ഷ(BA.392/15-16) നൽകിയിരുന്നുവെന്നും കേരള സ്റ്റേറ്റ് പൊലൂഷൻ കൺട്രോൾ ബോർഡിന്റെ File No. PCB/PTA/ICE/130/2015 dated 25.11.2015 നമ്പർ Consent to Establish, ഫയർ & റെസ്ക്യൂ സർവീസസിന്റെ No.C-4480/15 dated 03.11.15 നമ്പർ initial NOC, ജില്ലാ ടൗൺ പ്ലാനറുടെ C-907/15 D.Dis ഉത്തരവ് പ്രകാരമുള്ള ലേ ഔട്ട് അംഗീകാരം എന്നിവ സമർപ്പിച്ചിരുന്നു എന്നും പത്തനംതിട്ട വില്ലേജ് ആഫീസറുടെ 9.10.2015-ലെ 14556710 നമ്പർ Computerised Possession Certificate-ൽ ടി വസ്തു ഡ്രൈ ലാൻഡ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു എന്നും അപേക്ഷകർ ഹാജരാക്കിയ വസ്തുവിന്റെ പ്രമാണത്തിൽ K54/1-2(2.8 ആർ), K54/2.2 (7.28 ആർ) വസ്തു കരനിലം എന്നും K54/1-3-1 (2.28 ആർ) സ്ഥലം എന്നും രേഖപ്പെടുത്തിയിരുന്നു എന്നും പത്തനംതിട്ട വില്ലേജ് ഓഫീസറുടെ തണ്ടപ്പേർ രജിസ്റ്ററിന്റെ പകർപ്പിൽ ടി വസ്തു പുരയിടം ആണെന്ന് രേഖപ്പെടുത്തിയിരുന്നു എന്നും പത്തനംതിട്ട ജില്ലാ കളക്ടറുടെ ഏക ജാലക ക്ലിയറൻസ് ബോർഡിന്റെ പരിഗണനയിലുള്ള അപേക്ഷ ആയതിനാലും ടി വസ്തു പുരയിടം എന്ന് തെറ്റിദ്ധരിച്ചും ആണ് പെർമിറ്റ് നൽകുവാൻ ശിപാർശ ചെയ്തത് എന്നും അപേക്ഷകരും വില്ലേജാഫീസറും കൂടി ചേർന്ന് നഗരസഭയെ തെറ്റിദ്ധരിപ്പിച്ചതു മൂലമാണ് BA-392/15-16 Building permit നൽകുവാൻ ഇടയായത് എന്നും കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണത്തിൽ ടി വസ്തു നിലമാണെന്ന് അറിയിക്കുകയും ഡാറ്റാ ബാങ്ക് റിക്കാർഡ് പ്രകാരം ടി വസ്തു നിലമാണെന്ന് രേഖപ്പെടുത്തിയത് കണ്ടതിനാലും നഗരസഭയിൽ നിന്നും നൽകിയിരുന്ന B.A.392/15-16 Building Permit KMBR 1999ന്റെ 16-ാം ചട്ട പ്രകാരം റിവോക്ക് ചെയ്ത് ക്യാൻസൽ ചെയ്തിട്ടുണ്ട് എന്നും അതിനാൽ അച്ചടക്ക നടപടികൾ അവസാനിപ്പിക്കണമെന്നും ടിയാളുകൾ

ബോധിപ്പിയ്ക്കുന്നു..

4. പത്തനംതിട്ട വില്ലേജിൽ 54/1-3-1, 54/1-2 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട ശ്രീ. കെ.എം.ചാക്കോ, ശ്രീമതി മോളി ചാക്കോ എന്നിവരുടെ പേരിലുള്ള സ്ഥലത്തിന്റെ ഇനം വില്ലേജ് ഓഫീസറുടെ പൊസഷൻ സർട്ടിഫിക്കറ്റ് പ്രകാരം ഡ്രൈ ലാന്റ് ആയും, ആധാരത്തിൽ കരനിലവും നിലവിരിവും ആയും, തണ്ടപ്പേർ രജിസ്റ്ററിന്റെ പകർപ്പിൽ പുരയിടമായും രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും ടി സ്ഥലത്ത് ബിൽഡിംഗ് പെർമിറ്റിന് ശിപാർശ ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയറുടെയും ഓവർസിയറുടെയും ഭാഗത്ത് ചെറിയ വീഴ്ചയുണ്ടെങ്കിലും ടി പെർമിറ്റ് റദ്ദു ചെയ്തിട്ടുള്ളതിനാലും, വില്ലേജ് ഓഫീസറുടെ പൊസഷൻ സർട്ടിഫിക്കറ്റിൽ ഡ്രൈ ലാൻഡ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാലും തണ്ടപ്പേർ രജിസ്റ്ററിൽ പുരയിടം ആയി രേഖപ്പെടുത്തിയിട്ടുള്ളതിനാലും, ആയത് കണക്കിലെടുത്താണ് അസിസ്റ്റന്റ് എഞ്ചിനീയറും ഓവർസിയറും പെർമിറ്റിന് ശിപാർശ ചെയ്തത് എന്ന വസ്തുത പരിഗണിച്ച് ടിയാളുകളുടെ പേരിൽ ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണെന്ന് ചീഫ് എൻജിനീയർ അഭിപ്രായപ്പെട്ടിരുന്നു.

5. കുറ്റാരോപിതർ ആരോപിത കുറ്റം നിഷേധിച്ച സാഹചര്യത്തിൽ മേൽ വിഷയത്തിൽ പരാമർശം 7 പ്രകാരം ഔപചാരിക അന്വേഷണം നടത്തുകയുണ്ടായി. ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു:

ഫയൽ പരിശോധിച്ചതിൽ അപേക്ഷകൻ അപേക്ഷയോടൊപ്പം നൽകിയ ആധാരത്തിന്റെ പകർപ്പിൽ 'കരനിലവും നിലവിരിവും' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആധാരം എഴുതിയതിന് ശേഷം വസ്തുവിന്റെ തരത്തിൽ വ്യത്യാസം വരാവുന്നതാണ് എന്ന വസ്തുതയും 2005-ലെ ആധാരമാണെന്നുള്ളതും പരിഗണിക്കുന്നു. ഒപ്പം തന്നെ 'കരനിലം' എന്ന വാക്ക് നിലം കരയായി മാറ്റപ്പെട്ടതാണ് എന്ന ആശയക്കുഴപ്പം ഉളവാക്കാവുന്ന ഒന്നുകൂടിയാണെന്ന് കരുതുന്നു. സാധാരണ ഗതിയിൽ അപേക്ഷകളിൽ അസാധാരണമായി എന്തെങ്കിലും ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ മാത്രമേ പെർമിറ്റ് നൽകുന്നതിന് മുന്നോടിയായി BTR-ന്റെ പകർപ്പ് ആവശ്യപ്പെടാറുള്ളൂ എന്ന വസ്തുതയും KMBR-ന്റെ ഭാഗമായി പ്രസ്തുത പകർപ്പ് നിർബന്ധമാക്കിയിട്ടില്ല എന്നതും പരിഗണിക്കാവുന്നതാണ്. ഇതേ വില്ലേജ് ഓഫീസിലെ മറ്റൊരു രേഖയായ തണ്ടപ്പേര് രജിസ്റ്ററിന്റെ (തണ്ടപ്പേര് നം.29490) പെർമിറ്റ് അപേക്ഷയുടെ ഭാഗമായി അപേക്ഷകൻ നൽകയിരുന്ന പകർപ്പിൽ പുരയിടം എന്ന് രേഖപ്പെടുത്തൽ നടത്തിയിട്ടുണ്ട്. ഇതേ വില്ലേജ് ഓഫീസ് അധികാരിയായിരുന്ന വില്ലേജ് ഓഫീസർ ഇതേ കാലയളവിൽ തന്നെ നൽകിയ കമ്പ്യൂട്ടറൈസ്ഡ് പൊസഷൻ സർട്ടിഫിക്കറ്റിൽ (സർട്ടിഫിക്കറ്റ് നം. 16994016, തീയതി. 8.3.16) ഡ്രൈലാന്റ് എന്ന് രേഖപ്പെടുത്തിയിരുന്നു. ഒരേ ഓഫീസിൽ നിന്നും പ്രസ്തുത സ്ഥലവുമായി ബന്ധപ്പെട്ട് തെറ്റായ രേഖപ്പെടുത്തലുകൾ നടത്തിയ രണ്ട് രേഖകൾ അപേക്ഷയുടെ ഭാഗമായി വന്നതിനാൽ, ആയതിനെ പൂർണ്ണമായും വിശ്വാസത്തിലെടുത്ത് മുന്നോട്ട്

പോയതിനാലാണ് തെറ്റിദ്ധരിപ്പിക്കപ്പെട്ടതും ആയത് വഴി തെറ്റ് പറ്റിയതെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ടി പെർമിറ്റ് നൽകുന്നതിനായി നടത്തിയ സ്ഥല പരിശോധനയിൽ സ്ഥലം കരഭൂമിയായി സാദൃശ്യമുള്ളതിനാലാണ് കരയായി പരിഗണിച്ച് റിപ്പോർട്ട് നൽകിയത് എന്ന് ശ്രീമതി ലീന കെ.എസ്. ബോധിപ്പിച്ചിരുന്നു. അന്വേഷണത്തിന്റെ ഭാഗമായി ടി സ്ഥലം സന്ദർശിച്ചതിൽ ടി സ്ഥലത്തിന് കരഭൂമിക്ക് സമാനമായ സ്വഭാവങ്ങളാണുള്ളത് എന്ന് ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല പ്രസ്തുത സ്ഥലത്ത് നിലവിൽ ഫർണിച്ചർ നിർമ്മാണ കട പ്രവർത്തിക്കുന്നു. ചില നിലങ്ങൾ മുൻകാലങ്ങളിലെ അനധികൃതമായ നികത്തലുകളുടെ ഭാഗമായി കരയോട് സാദൃശ്യം തോന്നിക്കാറുണ്ട് എന്നത് വസ്തുതയാണ്. മേൽ വിവരിച്ച പ്രകാരമുള്ള കാര്യങ്ങൾ അടിസ്ഥാനമാക്കി അപേക്ഷകനാലും, വില്ലേജ് ഓഫീസറാലും തെറ്റിദ്ധരിപ്പിക്കപ്പെട്ടതിനാലാണ് പിഴവ് സംഭവിച്ചത് എന്ന വസ്തുത പരിഗണിക്കാവുന്നതാണ്. അതോടൊപ്പം ആധാരത്തിൽ 'കരനിലം' എന്ന രേഖപ്പെടുത്തൽ കണ്ടതിനാൽ വില്ലേജ് ഓഫീസർ നൽകിയ കമ്പ്യൂട്ടറൈസ്ഡ് പൊസഷൻ സർട്ടിഫിക്കറ്റ്, തണ്ടപ്പേര് രജിസ്റ്ററിന്റെ പകർപ്പ് എന്നിവ വിശ്വസനീയമായി നിലനിൽക്കെത്തന്നെ, മുൻസിപാലിറ്റിയിലും വില്ലേജ് ഓഫീസിലും ലഭ്യമായേക്കാവുന്ന കൂടുതൽ രേഖകൾ പരിശോധിക്കാതിരുന്നത് ജാഗ്രതക്കറവായി കരുതാവുന്നതാണ്...

6. നടപടിക്രമങ്ങളുടെ ഭാഗമായി കുറ്റാരോപിതരെ തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി 27.05.22-ൽ നേരിൽ കേട്ടിരുന്നു. നേരിൽ കേട്ട വേളയിലും കുറ്റാരോപിതർ പ്രതിവാദപത്രികയിലെ വാദങ്ങൾ ആവർത്തിക്കുകയും തങ്ങൾക്കെതിരായ ആരോപണങ്ങൾ പൂർണ്ണമായും നിക്ഷേധിക്കുകയും ചെയ്തു.

7. മേൽ വിഷയത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ പത്തനംതിട്ട വിലേജ് ഓഫീസറായിരുന്ന ശ്രീ. ഷാലികുമാർ എസ്.-നെതിരെ റവന്യൂ വകുപ്പിൽ സ്വീകരിച്ചു വന്ന അച്ചടക്കനടപടി ടിയാന്റെ പെൻഷനിൽ നിന്നും പ്രതിമാസം 500/- രൂപ വീതം 10 വർഷത്തേക്ക് കുറവ് ചെയ്തുകൊണ്ട് സ.ഉ.(സാധാ) നം.2356/2024/RD തിയതി, 01.10.2024 പ്രകാരം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

8. വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപിതരുടെ എതിർവാദപത്രിക, ചീഫ് എൻജിനീയറുടെ അഭിപ്രായക്കുറിപ്പ്, ഔപചാരിക അന്വേഷണ റിപ്പോർട്ട്, നേരിൽകേട്ട വേളയിലെ വാദഗതികൾ എന്നിവയുടെ അടിസഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്ഥലത്തിന്റെ ഇനം വില്ലേജ് ഓഫീസറുടെ പൊസഷൻ സർട്ടിഫിക്കറ്റ് (നം. 16994016 തീയതി 08/03/2016) പ്രകാരം ഡ്രൈ ലാന്റ് ആയും, ആധാരത്തിൽ കരനിലവും നിലവിരിവും ആയും, തണ്ടപ്പേർ രജിസ്റ്ററിന്റെ പകർപ്പിൽ പുരയിടമായും ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആധാരം എഴുതിയതിന് ശേഷം വസ്തുവിന്റെ തരത്തിൽ വ്യത്യാസം വരാവുന്നതാണ് എന്ന വസ്തുതയും 2005-ലെ ആധാരമാണെന്നുള്ളതും 'കരനിലം' എന്ന വാക്ക് നിലം കരയായി മാറ്റപ്പെട്ടതാണ് എന്ന ആശയക്കുഴപ്പം ഉളവാക്കുന്നതാണെന്നതും അപേക്ഷകളിൽ അസാധാരണമായി എന്തെങ്കിലും ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ മാത്രമേ

പെർമിറ്റ് നൽകുന്നതിന് മുന്നോടിയായി **BTR**-ന്റെ പകർപ്പ് ആവശ്യപ്പെടാറുള്ളൂ എന്നതും **KMBR**-ന്റെ ഭാഗമായി **BTR**-ന്റെ പകർപ്പ് നിർബന്ധമാക്കിയിട്ടില്ല എന്നതും തണ്ടപ്പേര് രജിസ്റ്ററിന്റെ (തണ്ടപ്പേര് നം.29490) പെർമിറ്റ് അപേക്ഷയുടെ ഭാഗമായി അപേക്ഷകർ ഹാജരാക്കിയിരുന്ന പകർപ്പിൽ പുരയിടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു എന്നതും പരിഗണിയ്ക്കുമ്പോൾ ഒരേ ഓഫീസിൽ നിന്നും പ്രസ്തുത സ്ഥലവുമായി ബന്ധപ്പെട്ട് വ്യത്യസ്ത രേഖപ്പെടുത്തലുകൾ നടത്തിയ രണ്ട് രേഖകൾ അപേക്ഷയുടെ ഭാഗമായി വന്നതിനെ വിശ്വാസത്തിലെടുത്തതുമൂലമുണ്ടായ വീഴ്ചയാണ് കുറ്റാ‍ാരോപിതരുടെ ഭാഗത്തു നിന്നും ഉണ്ടായതെന്നും ടിയാളുകൾ മനഃപൂർവ്വം വീഴ്ചയൊന്നും വരുത്തിയിട്ടില്ലെന്നും ബോധ്യപ്പെടുന്നു. കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള അനിവാര്യമായ എല്ലാ രേഖകളും പരിശോധിച്ച ശേഷം നിയമപ്രകാരം ബിൽഡിംഗ് പെർമിറ്റ് നൽകുക മാത്രമാണ് പത്തനംതിട്ട മുനിസിപ്പാലിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ.ബിനു കെ.ജി., ഓവർസിയർ ശ്രീമതി ലീന കെ.എസ്. എന്നിവർ ചെയ്തിട്ടുള്ളത് എന്ന് ബോധ്യപ്പെടുന്നു. പരാമർശ വിഷയത്തിൽ കുറ്റാരോപിതരുടെ ഭാഗത്തുനിന്നും മനഃപൂർവ്വമായ വീഴ്ച ഉണ്ടായിട്ടില്ലെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ പത്തനംതിട്ട മുനിസിപാലിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ. ബിനു കെ.ജി, ഓവർസിയർ ശ്രീമതി ലീന കെ.എസ് എന്നിവർക്കെതിരെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം സ്വീകരിച്ചുവന്ന അച്ചടക്ക നടപടിയിൽ തുടർനടപടികൾ അവസാനിപ്പിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**SUMI SANDIPIKA G MASTERLY**
അണ്ടർ സെക്രട്ടറി

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ചീഫ് എഞ്ചിനീയർ, LID&EW, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
5. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
6. വിജിലൻസ് (ഡി) വകുപ്പ്.
7. തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്
8. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9. കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 06-03-2025 11:48:33
സെക്ഷൻ ഓഫീസർ